


അടർന്നുവീഴുന്ന മഞ്ഞിൻകണങ്ങളും
മഞ്ഞിനാൽ മൂടിയ ഭൂതലവും
കണ്ടുറങ്ങീ, യുണർന്നോരിപ്പുലർകാലം
മിഴികൾക്കുനല്ലോരുത്സവമായ്.

പ്രകൃതിതൻ വികൃതി പോൽ ഭൂവിൽ
നിറഞ്ഞതാമത്ഭുതക്കാഴ്ച്ചയിൽ
വിസ്മയംപേറി ഞാൻ.

ആരാലുംവർണ്ണിപ്പാൻ സാദ്ധ്യമല്ലാത്തയീ
കാഴ്ച്ചവർണ്ണിപ്പതെനിക്കുമസാദ്ധ്യമാം.
പിന്നിട്ടരാവിലും, പകലിലും കണ്ടോരാ
ദൃശ്യമല്ലിന്നെൻറെ മുന്നിൽ തെളിഞ്ഞതും.

ഇലകൾ കൊഴിഞ്ഞതാം മാമരചില്ലകൾ
ഇലകൾ പൊതിയുന്ന സസ്യജാലങ്ങളും
ഹിമക്കതിരുകളാലങ്ങലംകൃതമായവ
പളുങ്കുകൾ പോലങ്ങ്മിന്നിത്തിളങ്ങുന്നു.

സൂര്യകിരണങ്ങൾ പതിക്കുന്നനേരത്ത്
മഴവില്ലിന്നേഴുനിറങ്ങളും ചിലനേര
മൊരുവേളചില്ലയിൽ മിന്നിത്തെളികയായ് .
കണ്ടിട്ടും,കണ്ടിട്ടും മതിവരാതുള്ളോരീ
ആഘോഷങ്ങൾക്കായെൻ മിഴികൾതുറന്നിട്ടു.

ഒറ്റയായ്,കൂട്ടമായ്, നിരയായ്നിലകൊള്ളും
ഹിമക്കതിരുകളാൽ ചാരുതയേറും മരങ്ങൾ
തന്നുത്സവംകാണുന്ന വേളയിലെന്മനം
വണ്ടർലാൻഡ് എന്നുമനസ്സിൽ കുറിക്കയായ്.

യക്ഷിക്കഥയിലെ ചില്ലുകൊട്ടാരമീ
ക്കാഴ്ചയിൽതിരുകിഞാൻ, പലനേരമീദിനം.

ഹിമപാളികകൾ തന്നധികഭാരങ്ങളാൽ
ശിഖരങ്ങൾ പലതും നിലംപതിച്ചീടുന്നു.
ഒരുവശംകഷ്ട്ടമാം കാഴ്ചയാണെങ്കിലും
മറുവശമൊരത്ഭുത ദൃശ്യവുംതന്നെയാം.

പളുങ്കുപോലുള്ളോരീദൃശ്യമേകീടുന്ന
മനസ്സിൽ നിറയുമീകിലുകിലാരവങ്ങളെ
ചിത്രങ്ങളായെൻ മനസ്സിൽകുറിക്കയായ്.